പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2546** 11/10/2011 ൽ മറുപടിയ്ക്ക്

## ഭൂമികേരളം പദ്ധതിയുടെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| ഭൂമികേരളം പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ? | ഭൂമികേരളം പദ്ധതിയുടെ കീഴിൽ കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ വനാവകാശ സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വനാവകാശ ജോലികൾ അന്തിമഘട്ടത്തിലാണ്. ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്ത ദുർബല വിഭാഗങ്ങൾക്ക് ഭൂമി നൽകുന്നതിനായി കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഇവർക്ക് അനുവദിച്ചിട്ടുള്ള ഭൂമിയുടെ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br>ഭൂമികേരളം പദ്ധതിയുടെ കീഴിൽ റീസർവ്വെയ്ക്ക് ആവശ്യമായ ജി.പി.എസ് കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുന്ന ജോലികളും, മലപ്പുറം ജില്ലയിൽ മേൽമുറി, തിരുവനന്തപുരം ജില്ലയിൽ മണക്കാട്, തിരുമല, പാലക്കാട് ജില്ലയിൽ പാലക്കാട്-1, കണ്ണൂർ ജില്ലയിൽ മാണിയൂർ, തൃശ്ശൂർ ജില്ലയിൽ പൂങ്കുന്നം എന്നീ വില്ലേജുകളുടെ റീസർവ്വെ ജോലികളും, ഇടുക്കി ജില്ലയിലെ KDH വെരിഫിക്കേഷൻ സർവ്വെ ജോലികളുമാണ് . ഇപ്പോൾ നടന്നു വരുന്നത്.<br><br>ഇതിൽ 25 വില്ലേജുകളുടെ ജി.പി.എസ് കൺട്രോൾ പോയിന്റ് സ്ഥാപിക്കുന്ന ജോലികളും, മേൽമുറി |

വില്ലേജിന്റെ റീസർവ്വേ ജോലികൾ പൂർത്തിയാക്കി സെക്ഷൻ 13 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്ന തിനുള്ള നടപടികളും അന്തിമഘട്ടത്തി ലാണ്. റീസർവ്വെ ആരംഭിച്ച മറ്റു വില്ലേജുകളുടെ റീസർവ്വെ ജോലികൾ പുരോഗതിയിലാണ്. KDH വെരിഫിക്കേഷൻ സർവ്വെ അന്തിമഘട്ട ത്തിലാണ്.

മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ അലിഗഡ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള സർവ്വെ, പോലീസ് ആസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ സർവ്വെ, കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വെയർ ഹൗസ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം സർവ്വെ, പുൽമേട് ദുരന്തബാധിത പ്രദേശത്തെ കോണ്ടൂർ സർവ്വെ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട് പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി കണ്ണൂർ ജില്ലയിൽ ആറളം ഫാമിൽ നൽകുന്ന സ്ഥലത്തിന്റെ സർവ്വെ ജോലികൾ (മൂന്നാം ഘട്ടം) പുരോഗതി യിലാണ്. 21 വില്ലേജുകളുടെ സർവ്വേ റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറം വില്ലേജിലെ അപ്പോളോ കോളനിയിലെ 176 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ ഭൂമി സർവ്വെ ചെയ്തു കഴിഞ്ഞു. കാഞ്ഞിരപ്പുഴയിൽ ഇറിഗേഷൻ വകുപ്പിനും, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനും ആവശ്യമായ സ്ഥലം സർവ്വെ ചെയ്യുന്ന ജോലികളും നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ